**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4222 12.11.2019-ലെ മറുപടിയ്ക്ക്

**<u>ഇ.എം.എസ് സ്റ്റേഡിയം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം പണി എന്ന് പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കാസർഗോഡ് ജില്ലയിലെ ഇ.എം.എസ് നീലേശ്വരം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെട്ട സിവിൽ പ്രവൃത്തികൾ ജനുവരി 2020-ലും സിന്തറ്റിക് പ്രതലത്തിന്റെ നിർമ്മാണം ഏപ്രിൽ 2020-ലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ജില്ലയിൽ അനുവദിച്ച ജില്ലാ സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ? | (ബി) | കിഫ്ബി പദ്ധതികളിലുൾപ്പെട്ട കാസർഗോഡ് ജില്ലാ സ്റ്റേഡിയത്തിന്റെ (എം.ആർ.സി.കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം, തൃക്കരിപ്പൂർ) സിവിൽ പ്രവൃത്തികൾ ടെണ്ടർ ചെയ്തിരുന്നു. ലഭിച്ച ടെണ്ടറുകൾ എസ്റ്റിമേറ്റ് തുകയേക്കാൾ ഉയർന്നതായിരുന്നതിനാൽ റീ ടെണ്ടറുകൾ ക്ഷണിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയത് ജി.എസ്.ടി കണക്കിലെടുക്കാത്ത തുകയ്ക്കാണ്. മാത്രമല്ല സർക്കാർ DSR Cost Index നിലവിൽ പരിഷ്കരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയ DSR Cost Index അനുസരിച്ച് പരിഷ്കരിച്ച് സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**